1985-86-ൽ തൊഴിലില്ലായ്മ വേതനത്തിനു ലഭിച്ച അപേക്ഷകൾ.

274 [301] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1985-86 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി;

(ബി) തൊഴിലില്ലായ്മ വേതനത്തിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1,79,146 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി.

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ 48715 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ വേതനപദ്ധതിയ്ക്കു ഇതുവരെ ലഭിച്ച അപേക്ഷകൾ

275 [302] ശ്രീ.കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനപദ്ധതി ആരംഭിച്ചതുമുതൽ 1986 മാർച്ച് 31 വരെ ഓരോ വർഷവും തൊഴിലില്ലായ്മവേതനം ലഭിക്കുന്നതിനുവേണ്ടി കിട്ടിയ അപേക്ഷകളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ ജില്ലയിലും എത്രപേർക്ക് തൊഴിലില്ലായ്മവേതനം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഓരോ വർഷവും കിട്ടിയ അപേക്ഷയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു. ‡

(ബി) ഓരോ ജില്ലയിലും തൊഴിലില്ലായ്മവേതനം നൽകിയവരുടെ വിവരം അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്നു. *

കർഷക തൊഴിലാളി പെൻഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

276 [303] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ 1986 മേയ് 30 വരെ കർഷക തൊഴിലാളി പെൻഷനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ജില്ലാടിസ്ഥാനത്തിൽ അപേക്ഷകളുടെ എണ്ണവും പെൻഷൻ അനുവദിച്ചവരുടേയും പെൻഷൻ കൊടുത്തവരുടെയും എണ്ണവും വെവ്വേറെ വ്യക്തമാക്കാമോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) 1980 മുതൽ ഓരോ കൊല്ലവും കർഷക തൊഴിലാളി പെൻഷനുവേണ്ടി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക എത്ര;

(ഡി) 1980 മുതൽ 1986വരെ ഓരോ കൊല്ലവും കർഷക തൊഴിലാളി പെൻഷനുവേണ്ടി ചെലവഴിച്ച തുക എത്ര;

(ഇ) 1986 ജൂൺ 15 വരെ എത്ര അപേക്ഷകർക്ക് പെൻഷൻ കൊടുക്കാൻ ബാക്കിയുണ്ടെന്നു വ്യക്തമാക്കുമോ;

(എഫ്) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5,76,901

(ബി) ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു

ജില്ല	പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കിട്ടിയ അപേക്ഷകൾ	പെൻഷൻ അനുവദിച്ചവരുടെ എണ്ണം	പെൻഷൻ കൊടുത്തവരുടെ എണ്ണം
തിരുവനന്തപുരം	44945	17467	17467
കൊല്ലം	42256	18823	17705
ആലപ്പുഴ	49754	27486	27486
പത്തനംതിട്ട	18774	11167	11167
കോട്ടയം	43967	16908	16825
ഇടുക്കി	11210	5508	5503
എറണാകുളം	47516	17849	17845
തൃശ്ശൂർ	66783	29016	28760
പാലക്കാട്	63601	36681	28641
മലപ്പുറം	69346	36751	35781
കോഴിക്കോട്	54720	32930	32908
വയനാട്	9688	6288	6232
കണ്ണൂർ	41216	23362	22941
കാസർകോട്	11125	5696	5411

(സി)

1980-81	17,50,00,000 രൂപ
1981-82	10,00,00,000 രൂപ
1982-83	10,00,00,000 രൂപ
1983-84	9,50,00,000 രൂപ
1984-85	11,35,00,000 രൂപ
1985-86	17,01,00,000 രൂപ
1986-87	16,53,00,000 രൂപ

(ഡി)

1980-81	10,92,27,925 രൂപ
1981-82	7,67,20,260 രൂപ
1982-83	4,46,06,105 രൂപ
1983-84	11,88,06,200 രൂപ
1984-85	11,31,88,868 രൂപ
1985-86	18,01,00,000 രൂപ
1986-87	50,76,865 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1,57,703

(എഫ്) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	—	16,691
കൊല്ലം	—	19,924
ആലപ്പുഴ	—	6,598
പത്തനംതിട്ട	—	4,653
കോട്ടയം	—	12,085
എറണാകുളം	—	13,719
തൃശ്ശൂർ	—	23,201
പാലക്കാട്	—	29,709
മലപ്പുറം	—	13,168
കോഴിക്കോട്	—	7,484
വയനാട്	—	4,649
കണ്ണൂർ	—	421
കാസർകോട്	—	5,410

1986 മാർച്ചുവരെ കർഷകത്തൊഴിലാളി പെൻഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

277 [304] ശ്രീ.കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി ആരംഭിച്ചതു മുതൽ 1986 മാർച്ച് 31വരെ ഓരോ വർഷവും പെൻഷൻ ലഭിക്കുന്നതിന് വേണ്ടി കിട്ടിയ അപേക്ഷയുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ ജില്ലയിലും പെൻഷൻ അനുവദിച്ചത് എത്രപേർക്കാണ്?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പെയ്മെന്റ് ഓഫ് ഫെയർ വേജസ് ആക്ട് ഭേദഗതി

278 [305] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-ൽ പ്രാബല്യത്തിൽവന്ന മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പെയ്മെന്റ് ഓഫ് ഫെയർ വേജസ് (ആക്ട് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അത്തരമൊരു ആവശ്യം ഏതെങ്കിലും സംഘടന സർക്കാരിന്റെ മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ;

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly